# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4681 — 22.03.2018-ൽ മറുപടിയ്ക്ക്

## ദ്വൈവാര ഭാഗ്യക്കുറികൾ നിർത്തലാക്കിയതിന്റെ കാരണം

| ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദ്വൈവാര ഭാഗ്യക്കുറികൾ നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം; | (എ), (ബി) & (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷമാണ് 100 രൂപ മുഖവിലയോടുകൂടി, എല്ലാമാസവും ഒന്നാമത്തെയും മൂന്നാമത്തെയും വെള്ളിയാഴ്ചകളിൽ നറുക്കെടുപ്പ് നടക്കത്തക്കവിധത്തിൽ 'നിർമ്മൽ' എന്നപേരിൽ ഒരു ദ്വൈവാര ഭാഗ്യക്കുറി ആരംഭിച്ചത്. പ്രസ്തുത ഭാഗ്യക്കുറിയുടെ നറുക്കെടുപ്പ് 07.10.2016 മുതൽ ആരംഭിച്ചിരുന്നു. എന്നാൽ പിന്നീട് ടി ഭാഗ്യക്കുറിയെ പ്രതിവാര ഭാഗ്യക്കുറിയാക്കി മാറ്റുകയാണ് ഉണ്ടായത്. നിലവിൽ വകുപ്പ് ദ്വൈവാര ഭാഗ്യക്കുറികളൊന്നും നടത്തുന്നില്ല. Demonitization -നെ തുടർന്ന് നിർമ്മൽ ദ്വൈവാര ഭാഗ്യക്കുറിയുടെ ഏതാനും നറുക്കെടുപ്പുകൾക്ക് break even point കൈവരിക്കാൻ സാധിക്കാതെ വരികയും, തുടർന്ന് ചില നറുക്കെടുപ്പുകൾ റദ്ദ് ചെയ്യുകയും ചെയ്തിരുന്നു. 100 രൂപ മുഖവിലയോടുകൂടി പ്രസ്തുത ഭാഗ്യക്കുറി ലാഭകരമായി നടത്താൻ സാധിക്കാതെ വന്നതിനെത്തുടർന്ന് മുഖവില 50/- രൂപയാക്കി കുറച്ചിരുന്നു. എന്നാൽ തുടർന്നു വന്ന നറുക്കെടുപ്പുകൾക്കും break even point കൈവരിക്കാൻ സാധിക്കാതെ വന്നതിനാൽ 25.03.17-ലെ സ.ഉ.(സാധാ) 237/2017/നി.വ. നമ്പർ ഉത്തരവ് പ്രകാരം വെള്ളിയാഴ്ചകളിൽ നറുക്കെടുത്തിരുന്ന 'ഭാഗ്യനിധി' ഭാഗ്യക്കുറി റദ്ദാക്കി പകരം 'നിർമ്മൽ' ബൈവീക്കിലി ഭാഗ്യക്കുറിയെ പ്രതിവാര ഭാഗ്യക്കുറിയാക്കി മാറ്റി 21.04.2017-ലെ നിർമ്മൽ 14-മത് (NR.14) ഭാഗ്യക്കുറിമുതൽ വെള്ളിയാഴ്ചകളിൽ നറുക്കെടുപ്പ് നടത്തിവരുന്നു. ദ്വൈവാര ഭാഗ്യക്കുറിയുടെ നടത്തിപ്പ് വകുപ്പിന് ലാഭകരമാകുന്നതല്ല എന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഭാഗ്യക്കുറിയെ പ്രതിവാര ഭാഗ്യക്കുറിയാക്കി മാറ്റിയത്. |
| (ബി) | ഇപ്രകാരം ഒരു സ്കീം നിർത്തലാക്കുന്നതിന് മുമ്പ് ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | | |
| (സി) | ദ്വൈവാര ഭാഗ്യക്കുറികൾ നിർത്തലാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ ; ഇതുമൂലം വകുപ്പിന് ഉണ്ടായ നഷ്ടം എത്രയെന്ന് വെളിപ്പെടുത്തുമോ ? | | |

സെക്ഷൻ ഓഫീസർ